പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 764 | 30.06.2015- ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

സർക്കാർ ആശുപത്രികളിൽ സൗജന്യ ലബോറട്ടറി പദ്ധതി- പതാകനൗക ( ഫ്ളാഗ്ഷിപ്പ്)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി. ചെന്താമരാക്ഷൻ<br>" കെ.ദാസൻ<br>" ബി.ഡി. ദേവസ്സി<br>" കെ . കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സർക്കാർ ആശുപത്രികളിൽ, പതാകനൗക(ഫ്ളാഗ്ഷിപ്പ്) പദ്ധതി യുമായി ബന്ധപ്പെട്ട് പ്രഖ്യാപി ച്ചിരുന്ന സ്കാനിംഗ് ഉൾപ്പെടെയുള്ള സൗജന്യ ലബോറട്ടറി പരിശോധനാസംവിധാനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | എ), ബി) & സി) | 2007-2008 ലാണ് ആരോഗ്യത്തിനുള്ള ഫ്ളാഗ് ഷിപ്പ് പദ്ധതി ആരംഭിച്ചത്. ഈ ആരോഗ്യപദ്ധതിയിലൂടെ ആരോഗ്യ സുരക്ഷയുടെ നേട്ടങ്ങൾ സംസ്ഥാനത്തെ ജനസംഖ്യയുടെ താഴെത്തട്ടിലുള്ള 30% വരുന്നവർക്ക് സൗജന്യമായും മറ്റുള്ളവർക്ക് താങ്ങാവുന്ന തരത്തിലുമാക്കി ചികിത്സാസൗകര്യം നല്കുക എന്നതാണ് ലക്ഷ്യമാക്കിയിട്ടുള്ളത്. ആരോഗ്യ കരമായ പരിതസ്ഥിതിയിൽ ആവശ്യാനുസരണം ഡോക്ടർമാരുടെ സേവനം, മരുന്നുകളുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തിക്കൊണ്ട് ആരോഗ്യമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തു ന്നതിനായി പ്രസ്തുത പദ്ധതി ഊന്നൽ നൽകുന്നു. ആരോഗ്യ വകുപ്പുകളിലേക്ക് മെഷീനറി, ഉപകരണങ്ങൾ, ഫർണിച്ചറുകൾ വാങ്ങുന്നതിനും നിർമ്മാണ പ്രവൃത്തികൾക്കുമാണ് 2007-2008 മുതൽ 2011-2012 വരെ തുക വകയിരുത്തിയിരുന്നത്. വിശദമായ വിവരങ്ങൾ താഴെ കൊടുക്കുന്നു. |
| ബി) | ഈ പദ്ധതിയുടെ വിശദമായ രൂപ രേഖ നല്കാമോ; | | |
| സി) | ഇതിനായി എത്ര തുക വകയി രുത്തിയിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും അറിയി ക്കാമോ? | | |

| ക്രമ നം. | വർഷം | വകയിരുത്തിയ തുക (രൂപലക്ഷ ത്തിൽ) |
|---|---|---|
| 1 | 2007-2008 | 3350 |
| 2 | 2008-2009 | 1000 |
| 3 | 2009-2010 | 1000 |

| | | |
|---|---|---|
| 4 | 2010-2011 | 1000 |
| 5 | 2011-2012 | 1000 |

എന്നാൽ സ്കാനിംഗ് ഉൾപ്പെടെയുള്ള സൗജന്യ ലബോറട്ടറി പരിശോധനാ സംവിധാനത്തിന് മാത്രമായി ഈ പദ്ധതിയിൽ തുക വകയിരുത്തുകയോ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല.

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഡയഗണോസ്റ്റിക് സർവ്വീസുകൾ ശക്തിപ്പെടുത്തൽ എന്ന പദ്ധതി 2011-2012 മുതൽ 2014-2015 വരെയുള്ള കാലയളവിൽ 13-ാം ധനകാര്യകമ്മീഷൻ അവാർഡ് വിനിയോഗിച്ച് നടപ്പിലാക്കാൻ സർക്കാരിൽനിന്ന് ഭരണാനുമതി ലഭിച്ചിരുന്നു. വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | വർഷം | തുക(രൂപ ലക്ഷത്തിൽ) | ഭരണാനുമതി |
|---|---|---|---|
| 1 | 2011-2012 | 1173-50 | സ.ഉ(സാധാ) 2541/11/ആകുവ/ തീയതി,05/01/2012 |
| 2 | 2012-2013 | 1450-00 | സ.ഉ(സാധാ) 2851/12/ആകുവ/ തീയതി, 27/08/2012 |
| 3 | 2013-2014 | 1400.00 | സ.ഉ(സാധാ) 4064/13/ആകുവ/ തീയതി, 06/12/2013 |
| 4 | 2014-2015 | 1250.00 | സ.ഉ(സാധാ) 2191/14/ആകുവ/ തീയതി,30/06/2014 |

2015-2016 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിയ്ക്കായി 14-ാം ധനകാര്യ കമ്മീഷന്റെ വിഹിതം 1450/- ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ